## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6682 09/07/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരുടെ എണ്ണം വ്യക്തമാക്കുമോ ; | എ | സംസ്ഥാനത്ത് നിലവിലെ കണക്കുകൾ പ്രകാരം 1059 അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരാണുള്ളത്. |
| ബി | ഇവർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണ് എന്ന വിവരം നൽകുമോ; | ബി | വിശദ വിവരം **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്. |
| സി | ഇവർക്കായി പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ? | സി | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധന സഹായം എന്നിവ ഉൾപ്പെട്ടിരുന്നു. സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 സാമ്പത്തികവർഷം വകയിരുത്തിയ 6.89 കോടി രൂപ പദ്ധതി നടത്തിപ്പിനായി ജില്ലാ തല ഓഫീസുകൾക്ക് അനുവദിക്കുകയും 31.03.2012 വരെ 3.03 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 2012-13, 2013-14 വർഷവും തുക അനുവദിച്ചിട്ടുണ്ട്. നിർമ്മാണം തുടർന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ വിശദാംശങ്ങൾ

| ക്രമ നം | ജില്ല | ജാതി തിരിച്ചുള്ള വിവരങ്ങൾ | | ആകെ |
|---|---|---|---|---|
| | | സമുദായം | എണ്ണം | |
| 1 | തിരുവനന്തപുരം | കാണിക്കാർ | 84 | 84 |
| 2 | കൊല്ലം | കാണിക്കാർ | 25 | |
| | | മലവേടർ | 07 | |
| | | മലപ്പണ്ടാരം | 02 | 34 |
| 3 | ആലപ്പുഴ | 0 | 0 | 0 |
| 4 | പത്തനംതിട്ട | മലവേടർ | 08 | |
| | | ഉള്ളാട | 05 | 13 |
| 5 | കോട്ടയം | ഹിന്ദു- മലയരയ | 05 | |
| | | ക്രി–മലയരയ | 03 | |
| | | ഉള്ളാട | 11 | |
| | | ഊരാളി | 06 | |
| | | മലവേടർ | 06 | 31 |
| 6 | ഇടുക്കി | മലയരയൻ | 23 | |
| | | മന്നാൻ | 08 | |
| | | പളിയൻ | 01 | |
| | | ഊരാളി | 23 | |
| | | ഹിൽപ്പുലയ | 07 | |
| | | ഉള്ളാടൻ | 03 | 65 |
| 7 | എറണാകുളം | ഉള്ളാട | 14 | |
| | | മുതുവാൻ | 03 | 17 |
| 8 | തൃശ്ശൂർ | മലയൻ | 10 | |
| | | ഉള്ളാട | 06 | 16 |
| 9 | പാലക്കാട് | ഇരുളർ | 101 | |
| | | മുഡുഗർ | 12 | |
| | | കുറുമ്പർ | 02 | |
| | | മലയൻ | 04 | |
| | | പണിയ | 03 | |
| | | കാടർ | 02 | |
| | | മലസ്സർ | 01 | |
| | | എറവാളൻ | 02 | 127 |
| 10 | മലപ്പുറം | പണിയ | 10 | |
| | | മുതുവാൻ | 06 | |
| | | കാട്ടുനായ്ക്കൻ | 02 | |
| | | അറനാടൻ | 01 | 19 |
| 11 | വയനാട് | കുറിച്യ | 22 | |
| | | പണിയ | 155 | |
| | | അടിയ | 78 | |
| | | കുറുമ | 27 | |
| | | കാട്ടുനായ്ക്ക | 25 | |
| | | ഊരാളി | 10 | |
| | | തച്ചനാടൻ മൂപ്പൻ | 04 | 321 |
| 12 | കോഴിക്കോട് | കരിമ്പാലൻ | 30 | |
| | | പണിയ | 16 | |
| | | മുതുവാൻ | 06 | |
| | | കുറിച്യ | 02 | 54 |

| | | | | |
|---|---|---|---|---|
| 13 | കണ്ണൂർ | കരിമ്പാലൻ | 24 | |
| | | മാവിലൻ | 12 | |
| | | പണിയ | 10 | |
| | | അലവേട്ടുവ | 04 | |
| | | കുറിച്യ | 22 | 72 |
| 14 | കാസർകോട് | മാവിലൻ | 140 | |
| | | മലവേട്ടുവ | 59 | |
| | | കൊറഗ | 07 | 206 |
| | | | 1059 | 1059 |

സെക്ഷൻ ഓഫീസർ